**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 56** **04-10-2021 - ൽ മറുപടിയ്ക്ക്**

**സി-ഡിറ്റ് വാങ്ങിയ സോഫ്റ്റ്‌വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സി-ഡിറ്റിന് അനുവദിച്ച പദ്ധതി വിഹിതം ഉപയോഗിച്ച് മുപ്പത്തിയഞ്ച് ലക്ഷം രൂപയുടെ നെസ്സസ് റ്റെനേബിൾ നെറ്റ്‌വർക്ക് അസ്സസ്സ്മെൻറ് സോഫ്റ്റ്‌വെയർ മാർച്ച് 2018-ൽ വാങ്ങിയിരുന്നോ; ഒരു വർഷ കാലാവധി ഉണ്ടായിരുന്ന പ്രസ്തുത സോഫ്റ്റ്‌വെയർ ഒരു പ്രാവശ്യം പോലും ഉപയോഗിക്കാതെ കാലഹരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വാങ്ങിയിരുന്നു. ഇത് സംബന്ധിച്ച് ലഭിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്ലാൻ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ 15 ലാപ് ടോപ്പുകൾ പ്രസ്തുത സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യാതെ ചട്ടവിരുദ്ധമായി കെ.എസ്.എഫ്.ഇ.ക്ക് നൽകി സി-ഡിറ്റ് പണം വാങ്ങിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കെ.എസ്.എഫ്.ഇ.-യുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ പ്രവാസി ചിട്ടി പ്രോജക്റ്റിന്റെ കോണ്ടാക്ട് സെന്ററിനു വേണ്ടി കരാർ വ്യവസ്ഥ അനുസരിച്ച് പണം കൈപ്പറ്റി ലാപ്‌ടോപ്പുകൾ സി-ഡിറ്റ് കെ.എസ്.എഫ്.ഇ. ക്ക് നൽകിയിട്ടുണ്ട്. സി-ഡിറ്റിന്റെ ആസ്തിയായി കൈവശമുണ്ടായിരുന്ന ലാപ്‌ടോപ്പുകളാണ് പ്രസ്തുത ആവശ്യത്തിലേക്ക് ഉപയോഗിച്ചിട്ടുള്ളത്. ഇക്കാര്യങ്ങളെല്ലാം പരിശോധനയിലാണ്. |
| (സി) | പ്രസ്തുത സോഫ്റ്റ്‌വെയർ കാലഹരണപ്പെട്ടത് മൂലമുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഇതിന് ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടിയെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ? | (സി) | കെ.എസ്.എഫ്.ഇ.-യുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ പ്രവാസി ചിട്ടി പ്രോജക്റ്റിന്റെ കോണ്ടാക്ട് സെന്ററിനു വേണ്ടി കരാർ വ്യവസ്ഥ അനുസരിച്ച് പണം കൈപ്പറ്റി ലാപ്‌ടോപ്പുകൾ സി-ഡിറ്റ് കെ.എസ്.എഫ്.ഇ.ക്ക് നൽകിയിട്ടുണ്ട്. സി-ഡിറ്റിന്റെ ആസ്തിയായി കൈവശമുണ്ടായിരുന്ന ലാപ്‌ടോപ്പുകളാണ് പ്രസ്തുത ആവശ്യത്തിലേക്ക് ഉപയോഗിച്ചിട്ടുള്ളത്. ഇക്കാര്യങ്ങളെല്ലാം പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ